(സി) പ്രസ്തുത ഇലക്ഷനുമായി ബന്ധപ്പെട്ട് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ; വിശദാംശം നല്കുമോ ?

ഉത്തരം

(എ) 2009-ലെ ലോക്സഭ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് 16041499 പേർ വോട്ട് ചെയ്തു. ഓരോ നിയമസഭാ മണ്ഡലത്തിലും എത്ര സമ്മതിദായകർ വോട്ടവകാശം വിനിയോഗിച്ചു എന്നുള്ള കണക്ക് അനുബന്ധം-I ആയി വച്ചിട്ടുണ്ട്.*

(ബി) അനുബന്ധം II-ൽ വച്ചിട്ടുണ്ട്.*

(സി) 2009-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കേരളാ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജികളുടെ വിവരം അനുബന്ധം III-ൽ വച്ചിരിക്കുന്നു*

സ്വാതന്ത്ര്യ സമര പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ

41 (4387) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യസമര പെൻഷൻ ലഭിക്കുന്നതിനുള്ള എത്ര അപേക്ഷകൾ നിലവിൽ സർക്കാരിന്റെ പക്കലുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വ്യക്തമാക്കുമോ ;

(ബി) ഓരോ അപേക്ഷയും ലഭിച്ച തീയതിയും ആയതിൻമേൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങളും വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പുന്നപ്ര വയലാർ സമര സേനാനികൾക്ക് കേന്ദ്ര ഗവൺമെന്റിന്റെ സ്വാതന്ത്ര്യ സമര പെൻഷൻ

42 (4388) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര വയലാർ സമര സേനാനികൾക്ക് നിലവിൽ കേന്ദ്ര ഗവൺമെന്റിന്റെ സ്വാതന്ത്ര്യ സമര പെൻഷൻ ലഭ്യമാകുന്നുണ്ടോ ; എങ്കിൽ എത്ര പേർക്ക് ലഭിക്കുന്നു ;

(ബി) നിലവിൽ സംസ്ഥാന ഗവൺമെന്റിന്റെ പെൻഷൻ ലഭിക്കുന്ന പുന്നപ്ര വയലാർ സമര സേനാനികൾക്കോ അവരുടെ ആശ്രിതർക്കോ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly